സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമി

*20. [144] ശ്രീ. ടി. പി. രാമകൃഷ്ണൻ :

„ വി. കെ. ചന്ദ്രൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കൈവശമുള്ള സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ എന്തൊക്കെയാണ് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) സർക്കാരിന് പാട്ട കുടിശ്ശിക ഇനത്തിൽ എന്ത് തുക ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടയ്ക്കാനുള്ള പാട്ട കുടിശ്ശിക ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ഇ) ഭൂമി പതിച്ചു നൽകുമ്പോൾ എന്തു വില ഈടാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ;

(എഫ്) പതിച്ചു നൽകുന്ന ഭൂമി വിദ്യാഭ്യാസ സ്ഥാപനം നിർത്തലാക്കുന്ന വേളയിൽ തിരിച്ചെടുക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ സർക്കാർ തയ്യാറാകുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വർഷങ്ങളായി പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമി പതിച്ചു നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉത്തരവിലെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. ഈ ഉത്തരവ് വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ബാധകമല്ല.

2. പതിവ് ഭൂമിക്ക് സെന്റ് ഒന്നിന് 100 രൂപ (നൂറ് രൂപ) നിരക്കിൽ വില ഈടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

3. ഭൂമി പതിച്ചു നൽകുമ്പോൾ പാട്ടബാക്കി ഉണ്ടെങ്കിൽ ആയത് എഴുതി തള്ളുന്നതാണ്.

4. പാട്ട നിരക്ക് 1% (ഒരു ശതമാനം) ആക്കി കുടിശ്ശിക കണക്കാക്കേണ്ടതും കുടിശ്ശിക അപ്രകാരം എഴുതി തള്ളേണ്ടതുമാണ്.

ഉത്തരവിന്റെ കോപ്പി ഉള്ളടക്കം ചെയ്തിട്ടുണ്ട്. † (ജി. ഒ. എം. എസ്. 201/05/റവന്യൂ തീയതി 18-6-2005)

(സി) 31-5-2005 വരെയുള്ള കണക്കനുസരിച്ച് 89,24,11,085 രൂപ സംസ്ഥാനത്ത് പാട്ട കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ 46,97,80,190 രൂപ സ്റ്റേ കഴിച്ച് 42,26,30,895 രൂപ പിരിച്ചെടുക്കാനുള്ള തുകയുണ്ട്. ടി തുകയിൽ സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള കേസ്സുകളിലുള്ള പാട്ട കുടിശ്ശിക സംബന്ധിച്ച് പ്രത്യേകം വിവരം ലഭ്യമല്ല.

(ഡി) പ്രസ്തുത ഉത്തരവിൽ പാട്ട ബാക്കിയുണ്ടെങ്കിൽ ആയത് എഴുതി തള്ളുന്നതിനും പാട്ടനിരക്ക് 1% ആക്കി കുടിശ്ശിക കണക്കാക്കി കുടിശ്ശിക എഴുതിത്തള്ളുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) സെന്റ് ഒന്നിന് 100 രൂപ (നൂറ് രൂപ) നിരക്കിൽ വിലയീടാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(എഫ്) ഇക്കാര്യം പരിശോധിച്ചു തീരുമാനമെടുക്കുന്നതാണ്.

"കേരള ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട്"

*21. [145] ശ്രീ. റോഷി അഗസ്റ്റിൻ :

„ തോമസ് ചാഴികാടൻ :

„ കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് എന്ന പേരിൽ നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത നിയമം കൊണ്ടുവരുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഈ നിയമം എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly